പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): ആലപ്പുഴ നിന്നും ൪ മൈൽ തോട്ട താഴ്ത്തിയിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇനിയും എത്ര മൈൽ താഴ്ത്താനുണ്ട്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇനിയും ൩ മൈൽകൂടി താഴ്ത്താനുണ്ട്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇപ്പോൾ ആ ഡ്രഡ്ജർ കേടുവന്നു കിടക്കുന്നതുമൂലം ജോലി നടക്കുന്നില്ലായെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഡ്രഡ്ജറിന്റെ കേടുതീർത്തു ജോലി ഉടൻ ആരംഭിക്കുന്നതിനു ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ഗവൺമെൻറ വകയായി ആകെ എത്ര ഡ്രഡ്ജർ ഉണ്ട്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ആ ചോദ്യം ഇതിൽനിന്നും ഉദിക്കുന്നില്ല

നൽവിതരണം

*൨൦൦. (൧൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനായി ആകെ എത്ര ബെയിൽ നൂൽ വീതം വിതരണം ചെയ്തുവരുന്നുണ്ട്;

(ബി) സംസ്ഥാനത്തിനു പുറത്തുനിന്നും എത്ര ബെയിൽ നൂൽ വീതം പ്രതിമാസം വരുത്തുന്നുണ്ട്;

(സി) ഈ സംസ്ഥാനത്തു എതെല്ലാം മില്ലുകളിലാണ് നൂൽ ഉണ്ടാക്കുന്നതു?

ധനകാര്യവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ശരാശരി മാസം ൧,൦൦൦ ബെയിൽ വീതം വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) ഏകദേശം ൨൦൦ ബെയിൽ നൂൽ സംസ്ഥാനത്തിനു പുറത്തുനിന്നും വരുത്തുന്നുണ്ട്.

(സി) സംസ്ഥാനത്തു നൂൽ ഉണ്ടാക്കുന്ന മില്ലുകൾ:—

൧. അളകപ്പാ ടെക്സ്റ്റയിൽസ്, അളഗപ്പാനഗർ.
൨. കൊച്ചിൻ മഹാലക്ഷ്മി കോട്ടൺ മിൽ, കൊച്ചി.
൩. വനജാ ടെക്സ്റ്റയിൽസ്, തൃശ്ശൂർ.
൪. അശോകാ ടെക്സ്റ്റയിൽസ്, ആലുവാ.
൫. വിജയമോഹിനി മിൽസ്, തിരുവനന്തപുരം.
൬. എ. ഡി. കോട്ടൻ മിൽസ്, കൊല്ലം.
൭. ബാലരാമവർമ്മ ടെക്സ്റ്റയിൽസ്, ചെങ്കോട്ട.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ മില്ലുകളിൽ ആകെ ഉല്പാദിപ്പിക്കുന്ന നൂൽ എത്രയാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിന്റെ വിശദവിവരങ്ങൾ അറിയണമെങ്കിൽ നോട്ടീസു വേണം.

ശ്രീ. പി. കെ. കുമാരൻ ആചാരി. ഈ നൂൽ മുഴുവൻ ഇവിടെ വിതരണം ചെയ്യുകയാണോ?

ശ്രീ. കെ. എം. കോര: അതേ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുമാരൻ ആചാരി: ഇത്രയും നൂൽ ഉല്പാദിപ്പിച്ചിട്ടും ഈ തറികൾക്ക് ശരിയായി നൂൽ കൊടുക്കുവാൻ സാധിക്കുന്നില്ലെൻ ഗവണ്മെൻറി നറിയാമോ?

ശ്രീ. കെ. എം. കോര: മുഴുവൻ തറികൾക്കും കൊടുക്കാൻ മതിയാകുന്നി ല്ലെന്നറിയാം.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ചില മില്ലുകൾ ഇവിടെ ആവശ്യത്തി നുള്ള നൂലല്ല ഉല്പാദിപ്പിക്കുന്നതെന്നും അങ്ങിനെ ഉല്പാദിപ്പിക്കുന്ന നൂൽ വെളി യിൽ അയക്കുകയാണെന്നും അറിയാമോ?

ശ്രീ. കെ. എം. കോര: ഇതുവരെ അറിയാൻ സാധിച്ചിട്ടില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: അങ്ങനെ ചെയ്യുന്നുണ്ടെന്ന് ഗവണ്മെ ൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ വേണ്ടതു ചെയ്യാമോ?

ശ്രീ. കെ. എം. കോര: അതു സംബന്ധിച്ചുള്ള കാര്യങ്ങൾ ഗവണ്മെൻറി ൻറെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ വേണ്ടതു ചെയ്യാം.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ഇതു സംബന്ധിച്ച് വല്ല പരസ്പരസ ഹായസംഘങ്ങളും നിശ്ചയങ്ങൾ പാസ്സാക്കി അയച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: കിട്ടിയിട്ടുണ്ട്. അതേസംബന്ധിച്ച് അന്വേഷി ച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: വിജയമോഹിനിമില്ലിൽ നിന്നും നൂൽ കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. കെ. എം. കോര: അവിടെ സ്റ്റൈക്ക് തുടങ്ങിയിരിക്കയാണെ ന്നറിയാം.

ശ്രീ. മാന്നാർ ഗോപാലൻ നായർ: അവിടെ സ്റ്റൈക്ക് തുടങ്ങിയിട്ട് എത്രകാലമായി എന്നറിയാമോ?

ശ്രീ. കെ. എം. കോര: എത്രകാലമായി എന്നറിവില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇവിടെ ആയിരം ബെയിൽ നൂൽ വിതരണം ചെയ്യുന്നു എന്നു പറഞ്ഞു. അതിൽ ൨൦൦ ബെയിൽ വെ ളിയിൽനിന്നും വരുത്തുന്നു എന്നും പറഞ്ഞു. അപ്പോൾ ബാക്കി ൮൦൦ ബെ യിൽ നൂല് ഇവിടെ ഉല്പാദിപ്പിക്കുന്നു എന്നാണോ പറയുന്നത്?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: നൂൽ ക്ഷാമം നിമിത്തം എത്ര തൊഴി ലാളികൾക്ക് ജോലിയില്ലാതായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതുസംബന്ധിച്ച് സെൻസ്സസ് എടുത്തിട്ടില്ല.

Sri. N. Daniel Jose: May I know whether some of these mills are not manufacturing yarn of 60 counts which are exported?

Sri. K. M. Korah: They are.

Sri. N. Daniel Jose: Why does not the Government find out possibilties of inducing these mills to manufacture 20 and 40 counts?

Sri. K. M. Korah: The control is with the Government of India, not with this Government.

ശ്രീ. എ. താണുപിള്ള: എത്ര ബെയിൽ നൂൽകൂടി വെളിയിൽനിന്നു വരുത്തിയാൽ ഇവിടത്തെ ആവശ്യത്തിനു മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര: ഇപ്പോൾ നമുക്ക് കൊടുക്കാൻ സാധിക്കുന്നതു് കാൽ കെട്ടുമതൽ അര കെട്ടുവരെയാണു്. അതിന്റെ നാലിരട്ടിക്കൂടി വന്നാൽ മതി.

പേപ്പർ മിൽ

*൨ ൦ ൧. (൧ ൫) ശ്രീ. പി. കെ. കുമാരൻ ഞ്ചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്തെ ആവശ്യത്തിനു വേണ്ടതു കടലാസു് ഇവിടത്തെ പുനലൂർ പേപ്പർ മില്ലിൽ ഉണ്ടാക്കുന്നുണ്ടോ;

(ബി) പുനലൂർ പേപ്പർ മില്ലിൽ ഗവണ്മെൻറിനുള്ള ഷെയർ എത്ര;

(സി) ൧൯൫൯, ൧൯൬൦ ഈ വർഷങ്ങളിൽ പുനലൂർ പേപ്പർ മില്ലിൽ നിന്നും ഗവണ്മെൻറിനു് ലഭിച്ച ഡിവിഡൻറു് എത്ര?

വ്യവസായവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ):

(എ) ഇല്ല.

(ബി) ർ, ൧ ൦, ൨൫൦ രൂപാ ൫ ണ. വ സ.

(സി) ൧൯൫൯-ൽ ൧ ൦, ൯൭ രൂപാ ൧ ൦ ണ.
൧൯൬൦-ൽ ൯൨, ൯൨൭ രൂപാ ൭൫ ണ.

ശ്രീ. പി. കെ. കുമാരൻ ഞ്ചാരി: പുനലൂർ പേപ്പർ മില്ലിൽ പ്രധാനമായി ഏതുതരം കടലാസു് ആണു് ഉണ്ടാക്കുന്നതു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അവിടെ ഉല്പാദിപ്പിക്കുന്നതിൽ നാൽപ്പതു ശതമാനം റൈറ്റിംഗ് പേപ്പർ ആണു്.

ശ്രീ. പി. കെ. കുമാരൻ ഞ്ചാരി: അവിടെ ന്യൂസ്പേപ്പറിനുള്ള പേപ്പർ ഉണ്ടാക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇല്ല.

ശ്രീ. പി. കെ. കുമാരൻ ഞ്ചാരി: അതിനു് കാരണമെന്താണു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അവിടെ അതിനുള്ള മെഷീനറി ഇല്ലാത്തതുകൊണ്ടാണു്.

ശ്രീ. പി. കെ. കുമാരൻ ഞ്ചാരി: ഇവിടെ പേപ്പർ ഗവണ്മെൻറാവശ്യത്തിനു് വെളിയിൽനിന്നും വാങ്ങിക്കൊണ്ടിരിക്കെ അവിടെ ഉണ്ടാക്കുന്ന പേപ്പർ മുഴുവനും ഇവിടത്തെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുകയും അവിടെ ന്യൂസു് പ്രിൻറു് ഉണ്ടാക്കുന്നതിനുള്ള മെഷീനറി വരുത്തി ഗവണ്മെൻറു മാനേജുമെൻറിൽ മിൽ നടത്തുകയും ചെയ്യാൽ ഗവണ്മെൻറിനു് ആദായമുണ്ടാകയില്ലേ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറാലോചിച്ചുകൊണ്ടിരിക്കുകയാണു്. ൧൯൬൧-നോടുകൂടി അതു് നടപ്പിൽ വരുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ ഉല്പാദിപ്പിക്കുന്ന പേപ്പർ സെൻട്രൽ ഗവണ്മെൻറിനെ ഏല്പിക്കണമെന്നു് വല്ല നിബ്ബന്ധവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: നിബ്ബന്ധമില്ല.

LIBRARY ARCHIVES Kerala Legislative Assembly